# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 33 — 08.02.2016-ൽ മറുപടിയ്ക്ക്

## മന്ത്രിസഭായോഗം

| ചോദ്യം<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) 2015 ഡിസംബർ 17ന് രാത്രി സംസ്ഥാന മന്ത്രിസഭായോഗം ചേരുകയുണ്ടായോ; പ്രസ്തുത യോഗത്തിൽ ചീഫ് സെക്രട്ടറി പങ്കെടുക്കുകയുണ്ടായോ; പങ്കെടുത്ത മന്ത്രിമാർ എത്രയായിരുന്നു; മന്ത്രിസഭാ യോഗത്തിന്റെ അറിയിപ്പ് എല്ലാ മന്ത്രി മാർക്കും നല്കുകയുണ്ടായോ; മന്ത്രിസഭാ യോഗം ചേർന്നത് എവിടെവെച്ചായിരുന്നു; | (എ) 2015 ഡിസംബർ 17-ന് രാത്രി പ്രത്യേക മന്ത്രിസഭായോഗം നിയമസഭാ മന്ദിരത്തിൽ മുഖ്യമന്ത്രിയുടെ ചേംബറിൽ വെച്ച് ചേരുകയുണ്ടായി. യോഗത്തിൽ മുഖ്യമന്ത്രിയെ കൂടാതെ 17 മന്ത്രിമാരും ചീഫ് സെക്രട്ടറിയും പങ്കെടുത്തു. 17.12.2015-ന് നിയമസഭായോഗം അവസാനിച്ച ശേഷം പ്രത്യേക മന്ത്രിസഭായോഗം ഉണ്ടായിരിക്കുന്നതാണെന്ന് എല്ലാ മന്ത്രി മാരെയും അറിയിച്ചിരുന്നു. |
| (ബി) എത്ര അജണ്ട ഐറ്റങ്ങളിൽ മന്ത്രിസഭാ യോഗത്തിൽ തീരുമാനം എടുക്കുകയു ണ്ടായി; | (ബി) പ്രത്യേക മന്ത്രിസഭാ യോഗത്തിന് അജണ്ട ഇല്ല |
| (സി) മന്ത്രിസഭായോഗം എത്ര മണിക്ക് ആരംഭിച്ച് എത്ര മണിക്ക് അവസാനിപ്പിക്കുകയുണ്ടായി;<br>(ഡി) 18.12.2015ന് രാവിലെ വീണ്ടും മന്ത്രിസഭാ യോഗം ചേരുകയുണ്ടായോ; അന്നത്തെ അജണ്ടയിലെ എത്ര ഐറ്റങ്ങളിൽ തീരുമാനം എടുക്കുകയുണ്ടായി? | (സി) & (ഡി) 17.12.2015 ന് രാത്രി 11.50 -ന് ആരംഭിച്ചു. യോഗനടപടികൾ അവസാനിക്കുന്ന സമയം രേഖപ്പെടുത്താറില്ല. 18.12.2015-ന് രാവിലെ വീണ്ടും മന്ത്രിസഭായോഗം കൂടുകയുണ്ടായില്ല |

സെക്ഷൻ ഓഫീസർ